# ചിറക്കര ഗ്രാമപഞ്ചായത്ത്

# ബജറ്റ്
# 2026- 2027

# ചിറക്കര ഗ്രാമപഞ്ചായത്ത്

## ബജറ്റ് 2026 – 2027

## ആമുഖം

ബഹുമാന്യരേ,

ചിറക്കര ഗ്രാമപഞ്ചായത്തിന്റെ പൊതുവികസനവും ജനങ്ങളുടെ ക്ഷേമവും അടിസ്ഥാന ജനവിഭാഗത്തിന്റെ ഉന്നമനവും ലക്ഷ്യമിട്ടു കൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് സുസ്ഥിരതയും , പുതിയ മേഖലകളിൽ ഇടപെടലുകൾ നടത്തിയും മുന്നോട്ട് പോകുന്ന ഈ ഭരണ സമിതിയുടെ ആദ്യ ബഡ്ജറ്റ് ആണ് ഇവിടെ അവതരിപ്പിക്കുന്നത്

2026–27 വാർഷിക പദ്ധതിയ്ക്കായി സർക്കാർ അനുവദിച്ച വികസന ഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് എന്നിവയ്ക്കൊപ്പം ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ടൂറിസം മേഖലയിൽ വിനോദ നികുതിയടക്കമുള്ള വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് മാലാക്കായലിലെ കണ്ടൽ കാടുകൾ സന്ദർശിക്കാൻ എത്തുന്ന ടൂറിസ്റ്റുകളുടെ ഒഴുക്ക് വർദ്ധിപ്പിക്കുകയും ഹോംസ്റ്റേ സൌകര്യങ്ങൾ വർദ്ധിപ്പിച്ച് പോളച്ചിറ രാവണൻ പൊയ്ക, ശ്രീനാരായണഗുരു പൊയ്കയിൽ തീർത്ഥ കുളം, ചിറക്കര ഭഗവതിക്ഷേത്രം,ചിറക്കര മാധവൻകുട്ടി കഥകളി പഠന കേന്ദ്രം, പോളച്ചിറ രാമചന്ദ്രൻ ഗുസ്തി പരിശീലന കേന്ദ്രം , കളരി പരിശീലന കേന്ദ്രം , ആയിരവില്ലി വെള്ളച്ചാട്ടം എന്നിവിടങ്ങളിലെ ടൂറിസം സ്പോട്ടുകൾ വില്ലേജ് ടൂറിസം എന്ന പദ്ധതിയിലൂടെ നടപ്പിലാക്കി വിനോദ നികുതിയിലൂടെയും ഇതര വരുമാനങ്ങളിലൂടെയും തനതു വരുമാനം വർദ്ധിപ്പിക്കുക. ടൂറിസം മേഖലയ്ക്ക് ഗ്രാമത്തിന്റെ തനിമ ഒട്ടും ചോർന്നു പോകാതെ പുതിയ മുഖം നൽകുക.

പോളച്ചിറ , ചിറക്കര, ഉളിയനാട്,കുഴുപ്പിൽ ഏലാകൾ പൂർണ്ണമായും കൃഷി ചെയ്യുക പോളച്ചിറയിൽ ഒരുമീനും ഒരു നെല്ലും പദ്ധതി നടപ്പിലാക്കാനും തരിശു ഭൂമികളിൽ കിഴങ്ങ് പയറു വർഗ്ഗങ്ങൾ കൂടി പ്രോത്സാഹിപ്പിക്കാനും ചെമ്മീൻ കരിമീൻ തുടങ്ങിയ നാടൻ മത്സ്യങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും ചിറക്കര ബ്രാൻഡ് ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കാനും ഗ്രാമപഞ്ചായത്തിലെ മുഴുവൻ പേർക്കും സുരക്ഷിത ഭവനം ലഭ്യമാക്കാൻ ലൈഫ് പി.എം.എ.വൈ

പദ്ധതിയ്ക്കൊപ്പം **സ്വപ്നമാളിക** എന്ന പുതിയ ഭവന പദ്ധതിയും ആരോഗ്യമേഖലയിൽ ചിറക്കര പി.എച്ച്,സി - എഫ്.എച്ച്.സി ആയി ഉയർത്താനും വൈകുന്നേരം ചികിത്സ ലഭ്യമാക്കാനും കുടുംബശ്രീയുമായി ചേർന്ന് നിരവധി പദ്ധതികൾ ഏറ്റെടുക്കാനും വനിതകളുടേയും കുട്ടികളുടേയും ഭിന്നശേഷിക്കാരുടേയും വയോജനങ്ങളുടേയും ക്ഷേമം ഉറപ്പാക്കാൻ പുതിയ പദ്ധതികൾക്കൊപ്പം വനിത -ശിശു-വയോജന-ഭിന്നശേഷി സൌഹൃദ പഞ്ചയാത്താക്കാനും സ്ലാട്ടർ ഹൌസ് പൊതുശ്മശാനം എന്നിവ നിർമ്മിക്കാനും മാലിന്യ സംരക്ഷണത്തിന് പുതിയ മാതൃകകൾ സൃഷ്ടിച്ച് ശുചിത്വഗ്രാമം പദ്ധതി നടപ്പിലാക്കാനും പുതിയ കുടിവെള്ള പദ്ധതിയ്ക്കായി മുന്നോട്ട് പോകാനും വിദ്യാഭ്യാസ കലാ-കായിക മേഖലകളിൽ പുതിയ പദ്ധതികളും ഗ്രന്ഥശാലകൾ ക്ലബുകൾ എന്നിവയിലൂടെ സാസംസ്കാരിക രംഗത്തും ലഹരിക്കെതിരെയുള്ള പോരാട്ടത്തിന് പുതിയ മതൃകകൾ സൃഷ്ടിക്കാനും ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും പ്രത്യേക പദ്ധതികളും വ്യക്തിഗത ആനുകൂല്യങ്ങളും ഗ്രാമീണ റോഡുകൾ നിർമ്മിക്കാനും നവീകരിക്കാനും പഞ്ചയാത്തിലെ ഗതാഗത പ്രശ്നം പരിഹരിക്കാൻ കെ.എസ്.ആർ.ടി.സിയുമായി സഹകരിച്ച് ഗ്രാമവണ്ടി നടപ്പിലാക്കാനും മുൻകാല ബഡ്ജറ്റുകളിൽ നിന്ന് വ്യത്യസ്തമായി ടൂറിസം മേഖലയിലൂടെയും വിനോദനികുതിയടക്കമുള്ള അനുബന്ധ നികുതികളിൽ നിന്നുള്ള വരുമാനം പ്രതീക്ഷിച്ചുകൊണ്ട് സി.എസ്.ആർ ഫണ്ടുകളും സംഭാവനകളിലൂടെയും പരാവധി വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് തയ്യാറാക്കിയിട്ടുള്ള ഒരു ബഡ്ജറ്റാണ്. ഉൽപ്പാദന പശ്ചാത്തല സേവന മേഖലകളിൽ നിരവധി പദ്ധതികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

ചിറക്കര ഗ്രആമപഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും സമഗ്ര മേഖലയ്ക്കും സവിശേഷ പ്രാധാന്യം നൽകിയിട്ടുള്ള ബഡ്ജറ്റാണ് വൈസ് പ്രസിഡന്റ് ഇവിടെ അവതരിപ്പിക്കുന്നത്.

**സ്നേഹപൂർവ്വം**

**ഉല്ലാസ് കൃഷ്ണൻ യു.എസ്**
**പ്രസിഡന്റ് ചിറക്കര ഗ്രാമപഞ്ചായത്ത്**

# ചിറക്കര ഗ്രാമപഞ്ചായത്ത്

## ബജറ്റ് 2024– 25

**അവതരണം : ശ്രീമതി. രമ്യ എം (വൈസ് പ്രസിഡൻറ്, ചിറക്കര ഗ്രാമപഞ്ചായത്ത്)**

ബഹുമാന്യരെ,

ചിറക്കര ഗ്രാമപഞ്ചായത്തിന്റെ 2026 – 2027 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരണ വേളയിൽ സന്നിഹിതരായിട്ടുള്ള ഏവരെയും ഞാൻ അഭിവാദ്യം ചെയ്യുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുതകുന്ന തരത്തിലും വികേന്ദ്രീകാസൂത്രണത്തിന്റെ അന്തസത്ത പൂർണ്ണമായും ഉൾക്കൊണ്ടുമാണ് ആകെ **451486183(നാൽപ്പത്തിയഞ്ച് കോടി** പതിനാലു ലക്ഷത്തി എൺപ്പത്തിയാറായിരത്തി നൂറ്റി എൺപ്പത്തി മൂന്ന് രൂപ ) വരവും 436037428(നാൽപ്പത്തി മൂന്ന് കോടി അറുപതു ലക്ഷത്തി മുപ്പത്തി ഏഴായിരത്തി നാണൂറ്റി ഇരുപത്തിയെട്ടു രൂപ ) ചെലവും **1,54,48,755(ഒരു കോടി അൻപത്തി നാലു ലക്ഷത്തി നാൽപ്പത്തി എണ്ണായിരത്തി എഴുനൂറ്റി അൻപത്തിയഞ്ച് രൂപ )** നീക്കിയിരുപ്പും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകൾ, ആസൂത്രണ സമിതി, വിവിധ വർക്കിംങ് ഗ്രൂപ്പുകൾ, ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റികൾ, വിവിധ മേഖലകളിലെ വിദഗ്ദർ, ഉദ്യോഗസ്ഥർ എന്നിവടങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നതും കാലിക സമകാലിക പ്രശ്നങ്ങളെ മുൻനിർത്തിയുള്ളതുമായ നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലൂടെ തയ്യാറാക്കിയിട്ടുള്ളത്. മാറുന്ന കാലത്തിനനുസരിച്ച് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ കാഴ്ചപ്പാടുകÄ നവീകരിക്കുവാനും പൊതു ജനസേവനം കൂടുതൽ കാര്യക്ഷമമാക്കാനുമാണ് നിലവിൽ ഉദ്ദേശിക്കുന്നത്. ഈ അവസരത്തിൽ മുൻകാല ഭരണസമിതികളുടെയും അവയുടെ സാരഥികളെയും ബഡ്ജറ്റ് തയ്യാറാക്കി അവതരിപ്പിച്ചവരെയും സ്മരിക്കുന്നു.

വിഭവ സമാഹരണത്തിൽ സംസ്ഥാന കേന്ദ്രസർക്കാർ വിഹിതത്തോടൊപ്പം തന്നെ പൂർണ്ണമായും തനതു വരുമാനം പിരിച്ചെടുക്കാനുള്ള പരിശ്രമത്തിലാണ്.തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ടൂറിസം മേഖലയിൽ വിനോദ നികുതിയടക്കം ഏർപ്പെടുത്തി ടൂറിസം പഞ്ചായത്തിന്റെ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപിച്ച് കൂടുതൽ തനതു വരുമാനം വർദ്ധിപ്പിക്കുകയും , വികസന കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് വിവിധ മേഖലകളുമായി സംയോജനം നടത്തി വിഭവ പരിമിതി മറികടക്കുകയും ഒപ്പം വികസനത്തിന് സമഗ്രത കൈവരിക്കുകയും വേണം. അതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, നവകേരള മിഷനുകൾ, എം.പി., എം.എൽ.എ. ഫണ്ടുകൾ, ജില്ലാ ബ്ലോക്ക് വിഹിതങ്ങൾ എന്നിവയുടെ ലഭ്യതയും ഉറപ്പ വരുത്തേണ്ടതായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തോടൊപ്പം തന്നെ പൊതുജന സേവനത്തിനും നാം മുന്തിയ പരിഗണനയാണ് നൽകി വരുന്നത്. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ പഞ്ചായത്തിൽ എത്താതെ തന്നെ എല്ലാവിധ സേവനങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കെസ്മാർട്ട് . സോഫ്റ്റ് വെയർ നടപ്പാക്കിയതിലൂടെ സാധിച്ചിട്ടുണ്ട്. ഇത്തരം സേവനങ്ങൾ ഉപയോഗിക്കുന്നതിന് സാധ്യമാകാത്തതും തീരെ അശരണരായവർക്കുമായി വാതിൽപ്പടി സേവനവും കൂടുതൽ നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. .

ചിറക്കര ഗ്രാമപഞ്ചായത്തിലെ മുഖഛായ മാറ്റുന്ന പദ്ധതിയായി വില്ലേജ് ടൂറിസം പദ്ധതി നടപ്പിലാക്കാനും പി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രമാക്കി മുഴുവൻ സമയവും പ്രവർത്തിപ്പിക്കാനും കെ.എസ്.ആർ.ടി.സി ഗ്രാമവണ്ടിയിലൂടെ ലൈഫ് പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതിയ്ക്കൊപ്പം സ്വപ്നമാളിക എന്ന ഭവന പദ്ധതി നടപ്പിലാക്കാനും കുടുംബശ്രീയിൽ പുതിയ പദ്ധതി ഏറ്റെടുക്കാനും വനിത ശിശു ഭിന്നശേഷി വയോജന സൌഹൃദ പഞ്ചായത്ത് നടപ്പിലാക്കാനും ഏലാകളും തരിശു ഭൂമികളും കൃഷിയോഗ്യമാക്കാനും മത്സ്യകൃഷി വർദ്ധിപ്പിക്കാനും കുടിവെള്ളം ആരോഗ്യം വിദ്യാഭ്യാസം പട്ടികജാതി വികസനം മാലിന്യ സംസ്കരണം യുവജന സാംസ്കാരിക പ്രവർത്തനങ്ങൾ പുതിയ മാതൃക സൃഷ്ടിക്കാനും പഞ്ചായത്ത് ലക്ഷ്യമിടുന്നു.

ഈ ബഡ്ജറ്റ് തയ്യാറാക്കാൻ ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ഉപദേശങ്ങളും നൽകിയ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ , ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരോട് നന്ദി അറിയിച്ചുകൊണ്ട് 2026-2027 ലെ ബഡ്ജറ്റിൻറെ പൊതുവായ നയ സമീപനവും പ്രധാന പദ്ധതികളും നിങ്ങൾക്കു മുൻപാകെ സമർപ്പിക്കുന്നു.

## മുൻഗണനാ പദ്ധതികൾ

### കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം

കാർഷിക മേഖലയിലെ പ്രശ്നങ്ങളെ മികച്ച രീതിയിൽ തരണം ചെയ്യുന്നതിനും, കൃഷി, മൃഗസംരക്ഷണം, ക്ഷീരോൽപാദന മേഖലകളിൽ നവീന സാങ്കേതികത കൊണ്ടുവരുന്നതിനുമുള്ള പരിശ്രമങ്ങളും ഈ വർഷത്തിൽ നടപ്പിലാക്കുന്നതാണ്. ഗ്രാമീണ സമ്പദ്ഘടനയുടെ അടിസ്ഥാന ഘടകമായ കാർഷിക മേഖലയുടെ ഉന്നമനത്തിന് ഈ ബജറ്റ് പ്രത്യേക പരിഗണന നൽകുന്നു. കാർഷിക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടറിഞ്ഞ് പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കിഴങ്ങ് വിളകൾ എന്നീ കൃഷികളുടെ വികസനത്തിന് ആവിശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പച്ചക്കറിയിലെ വിഷാംശങ്ങൾ നമ്മുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുമെന്ന പഠനങ്ങൾ നമ്മുടെ മുന്നിലുണ്ട്. അതിനാൽ ജൈവ പച്ചക്കറി കൃഷി പോത്സാഹനത്തോടൊപ്പം ഹരിത ഗ്രാമപഞ്ചായത്താക്കി മാറ്റുന്നതിനും ബഡ്ജറ്റ് ഊന്നൽ നൽകുന്നുണ്ട്. തരിശായിക്കിടക്കുന്ന ഭൂമികളിൽ കൃഷിയിറക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കും ഇതിലേക്കായി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകളും ഉപയോഗിക്കും.

പോളച്ചിറ ഏലായിൽ ഒരുമീനും ഒരു നെല്ലും പദ്ധതി നടപ്പിലാക്കാനും , ചിറക്കര ഉളിയനാട് കുഴപ്പിൽ ഏലാകളിൽ നെൽകൃഷി നടപ്പിലാക്കാനും, തരിശു ഭൂമികളിൽ കിഴങ്ങ് പയറു വർഗ്ഗ കൃഷികൾ നടപ്പിലാക്കാനും, മാലാക്കായൽ പോളച്ചിറ പ്രദേശങ്ങളിൽ ചെമ്മീൻ, കരിമീൻ നാടൻ മത്സ്യങ്ങൾ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും, ചിറക്കര ബ്രാൻഡ് ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനും , ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ വിതരണത്തിനായി മിനി മാർജിൻഫ്രീ മാർക്കറ്റുകൾ സ്ഥാപിക്കാനും ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നു.

ഉൽപാദന മേഖലയിൽ സുപ്രധാനപങ്ക് വഹിക്കുന്ന മൃഗസംരക്ഷണ, ക്ഷീരവികസന മേഖലയ്ക്കായി കാലിത്തീറ്റ വിതരണം, കന്നുകുട്ടി പരിപാലനം, പാലിന് സബ്സിഡി, വീട്ടമ്മമാർക്കും വനിതകൾക്കും സാമ്പത്തിക സ്വയംപര്യാപ്തതക്കായി പശുവളർത്തൽ, മുട്ടക്കോഴി വളർത്തൽ, കറവപശുക്കൾക്ക് ധാതുലവണ മിശ്രിതം വിതരണം, മുട്ടഗ്രാമം പദ്ധതി എന്നിവ നടപ്പിലാക്കും. കൂടാതെ മൃഗസംരക്ഷണത്തിന് ആവിശ്യമായ മരുന്നുകളും മറ്റ് അടിസ്ഥാന

സൌകര്യങ്ങളും ഉറപ്പാക്കും. കൂടാതെ ശുദ്ധജല മത്സ്യകൃഷിയുടെ പ്രോത്സാഹനത്തിലൂടെ വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു.

കൃഷി, മൃഗസംരക്ഷണ, ക്ഷീര വികസന മേഖലക്കായി ഒരു കോടി 72 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

## ചെറുകിട വ്യവസായം

പ്രാദേശികമായ മാർക്കറ്റുകളിൽ കൂടുതൽ സാർത്ഥകമായ ഇടപെടലുകളിൽ കൂടി മാത്രമേ ഗ്രാമത്തിന്റെ സുസ്ഥിരമായ വികസനവും അതുവഴി ജനങ്ങളുടെ സാമ്പത്തിക സ്ഥിരതയും സാദ്ധ്യമാക്കുകയുള്ളു. ഈ കാഴ്ചപാടോടെ കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും കൂടുതൽ വരുമാന വർദ്ധന യൂണിറ്റുകൾ ആരംഭിക്കാനും അർഹരായവർക്ക് സഹായം ലഭ്യമാക്കും. ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള ചെറുകിട സംരഭങ്ങളെ പ്രോത്സഹിപ്പിക്കും. വനിതകൾക്ക് തൊഴിൽ പരിശീലനവും നൈപുണ്യ വികസനത്തിനും പദ്ധതികൾ നടപ്പാക്കുന്നതാണ്. തന്മൂലം ഒട്ടോറെ സംരഭകർകർക്ക് വിപണന ആവിശ്യമായ അടിസ്ഥാന സൌകര്യം ഉറപ്പാക്കുന്നതിന് സാദ്ധ്യമാകുന്നതാണ്.ചിറക്കര ബ്രാൻഡ് ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനും ടൂറിസം മേഖലകളിൽ ഫുഡ്കോർട്ടുകൾ സ്ഥാപിക്കാനും കുടുംബശ്രീയെ പ്രയോജനപ്പെടുത്തും.

## ആരോഗ്യം, കുടിവെള്ളം, ശുചിത്വം

ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഗ്രാമപഞ്ചായത്തിന്റെ പ്രധാനപ്പെട്ട ചുമതലയാണ് എന്ന തിരിച്ചറിവോടെയാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യമുള്ള ജനതയാണ് ആരോഗ്യമുള്ള ഒരു രാഷ്ട്രത്തെ സൃഷ്ടിക്കുന്നത്. മഹാമാരികളുടെ സാദ്ധ്യത മുന്നിൽകണ്ട് ആരോഗ്യമേഖലയ്ക്ക് മുന്തിയ പരിഗണന നൽകിയാണ് ഗ്രാമപഞ്ചായത്ത് പദ്ധിതികൾ ഏറ്റെടുത്തിട്ടുള്ളത്.

ആരോഗ്യ മേഖലയിലെ എല്ലാ വിഭാഗങ്ങളിലേയും അതായത് അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നിവയെ കൂട്ടി യോജിപ്പിച്ചുകൊണ്ടുള്ള ഒരു സംയോജിത പ്രവർത്തനം ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്നുണ്ട്. ശയ്യാവലംബികളായ വ്യക്തികളെ പരിചരിക്കുന്നതിനായി നിലവിലുള്ള പാലിയേറ്റീവ് കെയർ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കും . നിലവിലെ പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റി മുഴുവൻ സമയവും

പ്രവർത്തന സജ്ജമാക്കും.    അടുത്ത കാലത്തായി വലിയ തോതിൽ വർദ്ധിച്ചിട്ടുള്ള ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി പദ്ധതികൾ നടപ്പിലാക്കും, അമ്മമാർക്കായി ആയുർവേദ മേഖലയിൽ മാതൃവന്ദനം പദ്ധതി നടപ്പിലാക്കും.

കുടിവെള്ള  പദ്ധതി പ്രകാരം ഈ വർഷം പരമാവധി കുടുംബങ്ങളിൽ  കുടിവെള്ള പൈപ്പ്  ലൈൻ കണക്ഷനുകൾ നൽകുന്നതാണ്. പൊതുകിണറുകളുടെയും, കുളങ്ങളുടേയും  നവീകരണം നടത്തുന്നതാണ്. രാവണം പൊയ്കയിലെ പഴയ കുടിവെള്ള പദ്ധതി പരിഷ്കരിച്ച് ചിറക്കര ഗ്രാമപഞ്ചായത്തിലേയ്ക്ക് മുഴുവൻ സമയവും ശുദ്ധജലം ലഭിക്കത്തക്ക വിധം സംസ്ഥാന സർക്കാരുമായി ചേർന്ന് പുതിയ പദ്ധതി ആരംഭിക്കും.

ചിറക്കര ഗ്രാമപഞ്ചായത്തിൽ  സമ്പൂർണ്ണ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കും. എം.സി.എഫുകളുടെയും ആർ.ആർ.എഫിന്റേയും  പ്രവർത്തനം കൂടുതൽ  കാര്യക്ഷമമാക്കും, ഹരിതകർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് ഉപയോഗിച്ച്  പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ നിർമ്മിക്കും. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ സംസ്കരിക്കുന്നതിന്  പുതിയ പദ്ധതികൾ ആവിഷ്കരിക്കും.പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും ബയോബിൻ ലഭ്യമാക്കും. പൊതു സ്ഥലങ്ങളിൽ ജൈലമാലിന്യം സംസ്കരിക്കുന്നതിനും പൊതു സ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും  പദ്ധതികൾ ഏറ്റെടുക്കും.

## ദാരിദ്ര ലഘൂകരണം ഭവന നിർമ്മാണം

ലൈഫ്  പി.എം.എ.വൈ പദ്ധതിയുടെ പൂർത്തീകരണത്തിനും  ഗ്രാമപഞ്ചായത്ത്  ആവിഷ്കരിച്ച  പുതിയ ഭവന പദ്ധതിയായ  **സ്വപ്നമാളിക പദ്ധതി** യ്ക്കുമായി 2026-27 സാമ്പത്തിക വർഷം  2026 – 2027 സാമ്പത്തിക വർഷം  **6 കോടി 74 ലക്ഷം**  രൂപ വകയിരുത്തിയിട്ടുണ്ട്, സ്വപ്നമാളിക പദ്ധതിയിൽ ഭവന നിർമ്മാണത്തിന് 5 ലക്ഷം രൂപയും പുനരുദ്ധാരണത്തിന് 2 ലക്ഷം രൂപയും നൽകും. സി.എസ്.ആർ ഫണ്ടുകളും സംഭാവനകളിലൂടേയും പദ്ധതി നടപ്പിലാക്കും. ദാരിദ്ര ലഘൂകരണം ലക്ഷ്യമിട്ട് ആരംഭിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസ്തി വികസന പദ്ധതികൾകൂടി ഉൾപ്പെടുത്തി കൂടുതൽ  കാര്യക്ഷമമായി നടപ്പാക്കും. പരമാവധി ആളുകൾക്ക് 100 ദിനം തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയിലൂടെ നെല്ല് കിഴങ്ങ് പയറു വർഗ്ഗങ്ങൾ ഉൽപ്പാദിപ്പിക്കാനും ചിറക്കര ബ്രാൻഡ് ഉൽപ്പന്നങ്ങളായും വിപണിയിലെത്തിക്കാനും ലാഭം തൊഴിലാളികൾക്കും ഭൂഉടമകൾക്കും ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കും. കൂടാതെ ദാരിദ്ര ലഘൂകരണം ലക്ഷ്യമിട്ട് ഉത്പാദന മേഖലയിലും പദ്ധതികൾക്ക് ആനുപാതിക വകയിരുത്തലുകൾ നടത്തിയിട്ടുണ്ട്.

## പട്ടികജാതി, പട്ടികവർഗ്ഗ വികസനം

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ ആളുകളെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് എത്തിക്കാനും അവരുടെ വിദ്യാഭ്യാസ, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നു. ഗ്രാമപഞ്ചായത്തിലെ ഉന്നതികളുടെ സമഗ്ര വികസനം നടപ്പാക്കും. അർഹരായ പട്ടികജാതി – പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ലാപ്ടോപ്പ്, മേശ കസേര എന്നിവ നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. അംഗൻവാടികൾ വഴിയുള്ള പോഷകാഹാര വിതരണം എന്നിവയ്ക്കും പട്ടികജാതി വികസന ഫണ്ട് പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് വീടും വസ്തുവും ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതാണ്.

## വനിതാ ശിശുക്ഷേമം

സ്ത്രീ ശാക്തീകരണം എന്നത്തേക്കാളധികം പ്രാധാന്യമുള്ള വിഷയമാകുന്ന ഒരു ലോക ക്രമത്തിൽ സ്ത്രീകൾക്കായി മുന്തിയ പരിഗണന ഈ ബഡ്ജറ്റിലും നൽകിയിട്ടുണ്ട്. പുതു തലമുറയെ ബൌദ്ധികമായും ശാരീരികമായും ശക്തിയുള്ളവരായി വാർത്തെടുക്കാൻ വേണ്ട പദ്ധതികളും ബഡ്ജറ്റിലുണ്ട്. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകിയ കുടുംബശ്രീ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവിശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സ്ത്രീസംരംഭക യൂണിറ്റുകൾക്കാവിശ്യമായ പ്രോത്സാഹനവും സബ്സിഡിയും നൽകുന്നതിനുള്ള തുക വകയിരുത്തുന്നു. ജന്റർ റിസോഴ്സ് സെന്റർ, ജാഗ്രത സമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ നിയമിക്കുന്നതാണ്. വനിതകൾക്കായി തൊഴിൽ പ്രാപ്തിക്കുവേണ്ടി അധിക പരിശീലനം, ആർജ്ജിത വൈദഗ്ദ്യത്തിന് അംഗീകാരം, അധിക നൈപുണ്യവും പുനർനൈപുണ്യവും എന്നീ പദ്ധതികൾ നടപ്പാക്കും.വനിതകളുടേയും കുട്ടികളുടേയും ഉന്നമനത്തിനായി വനിത ശിശു സൌഹൃദ പഞ്ചായത്താക്കി മാറ്റും.

അംഗൻവാടികൾ വഴി കുട്ടികൾ, കൌമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ തുടങ്ങിയവർക്ക് പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനാവിശ്യമായ തുക വകയിരുത്തുന്നു. അംഗൻവാടി കുട്ടികളുടെ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതാണ്.

## വിദ്യാഭ്യാസം, കല, സംസ്കാരം

ഭാരതത്തിന്റെ ചരിത്രത്തെ വളച്ചൊടിക്കാനും, ചരിത്രപുരുഷരെ തമസ്കരിക്കാനുമുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടന്നു വരുന്ന സാഹചര്യത്തിൽ സാംസ്കാരിക മേഖലയക്ക് പ്രധാന്യം നൽകേണ്ടതായിട്ടുണ്ട്. സാംസ്കാരിക

ബോധവാൻമാരാക്കി നമ്മുടെ പുതുതലമുറയെ വളർത്തേണ്ടതായിട്ടുണ്ട്. മദ്യം മറ്റ് ലഹരി ഉപയോഗം എന്നിവയിൽ നിന്നും പുതുതലമുറയെ രക്ഷിക്കുന്നതിനും സാംസ്കാരികമായി ഏറെ പ്രവർത്തനങ്ങൾ നാം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിലെ യുവതീ യുവാക്കളുടെ കായിക കലാ ശേഷികൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരളോത്സവം അടുത്ത സാമ്പത്തിക വർഷവും നടപ്പാക്കുകയും കൂടുതൽപ്പേരെ ഈ മേളയുടെ ഭാഗമാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള വായനശാലകൾക്ക് പത്ര മാസികകൾ തുടർന്നും നൽകുന്നതാണ്. കായിക വികസനത്തിന്റെ ഭാഗമായി രജിസ്റ്റേർഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് നൽകും, യുവജനക്ലബുകളിൽ നിന്ന് അത് ലറ്റിക് ഗെയിംസ് ഇനങ്ങൾക്കും വാദ്യോപകരണങ്ങൾ ക്ലാസിക്ക് ഡാൻസുകൾ എന്നിവയ്ക്കും പരിശീലനം നൽകും. കഥകളി നടൻ ചിറക്കര മാധവൻകുട്ടി ഉസ്താദ് താരം കേരള ഗാമ പോളച്ചിറ രാമചന്ദ്രൻ , പ്രശസ്ത കവി ചാത്തന്നൂർ മോഹൻ എന്നിവരുടെ പേരിൽ സാംസ്കാരിക കേന്ദ്രവും കഥകളി ഉസ്താദ് കലാ- കായിക പരിശീലന കേന്ദ്രങ്ങളും ആരംഭിക്കും. വിദ്യാഭ്യാസ രംഗത്ത് കുട്ടികൾക്കും സ്കൂൾ കോളേജുകൾക്കായി കൃഷി വിദ്യാഭ്യാസം കലാ-കായിക സാംസ്കാരിക ജീവകാരുണ്യ മേഖലകളികളിൽ പുതിയ പദ്ധതി നടപ്പിലാക്കും. എസ്.എസ്.കെ. പദ്ധതിയിലൂടെ മികച്ച പഠന സംവിധാനം തുടർന്നും ഉറപ്പ് വരുത്തുന്നതാണ്.

## <u>സാമൂഹിക സുരക്ഷിതത്വം</u>

ആധുനികകാലഘട്ടത്തിൽ സാമൂഹിക സുരക്ഷിതത്വത്തിന് ഏറെ പ്രാധാന്യമർഹിക്കുന്നു. ആരോഗ്യരംഗത്ത് വളരെക്കാലം മുൻപിലായ നമ്മുടെ ആയൂർദൈർഘ്യം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെക്കൂടുതലാണ്. ആയതിനാൽതന്നെ വയോജനങ്ങളുടെ എണ്ണം കേരളത്തിൽ വളരെക്കൂടുതലാണ്. വയോജനങ്ങളുടെ മാനസ്സിക ഉല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനും പദ്ധതികൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ചിറക്കരയിലെ പകൽവീടിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കും.

ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാർക്ക് ധനസഹായം ലഭ്യമാക്കും. അർഹരായ ഭിന്നശേഷിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കും. ഭിന്ന ശേഷിക്കാർക്കായി പ്രത്യേക കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കും. പ്ലാസ്റ്റിക് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷിക്കാർക്കായി പേപ്പർബാഗ് യൂണിറ്റിന്റെ പ്രവർത്തനം സർക്കാർ സഹായത്തോടെ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു, ഭിന്നശേഷിക്കാർക്കായി ചെറുകിട സംരംഭ യൂണിറ്റുകൾ ബഡ്സ് സ്കൂളിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നതാണ്. സർക്കാർ മാനദണ്ഡ പ്രകാരം അർഹരായ മുഴുവൻ വയോജനങ്ങൾക്കും കട്ടിൽ നൽകുന്നതാണ്. മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സംരക്ഷിക്കുന്നവർക്കായി സ്വയംതൊഴിൽ സംരഭങ്ങൾക്ക് സബ്സിഡി നൽകും.

ഭിന്നശേഷിക്കാർക്കായി പെട്ടിക്കട പദ്ധതി നടപ്പാക്കും. ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ബി.ആർ.സി പ്രവർത്തനം കാര്യക്ഷമമാക്കും.

അർഹരായ മുഴുവൻ പേർക്കും ക്ഷേമപെൻഷനുകളും, സ്ത്രീ സുരക്ഷ പെൻഷനുകളും അനുവദിക്കും. പൊതുജനസേവനം എന്നത് ഒരു അവകാശമാണെന്നതുകൊണ്ട് തന്നെ വാതിൽപ്പടി സേവനം പഞ്ചായത്തിൽ നടപ്പിലാക്കും, ഗ്രാമപഞ്ചായത്ത് വയോജന ഭിന്നശേഷി സൗഹൃദമാക്കും.

## വില്ലേജ് ടൂറിസം

ചിറക്കര ഗ്രാമപഞ്ചായത്തിന്റെ ടൂറിസം സാധ്യതകൾ ലോകത്തിനു മുന്നിൽ തുറന്നിടുന്ന പദ്ധതിയാണ് വില്ലേജ് ടൂറിസം. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തനതു വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യംകൂടി പദ്ധതിയ്ക്കുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് ഇത്തിക്കരയാറിനോട് ചേർന്ന് മാലാക്കായിലിലെ കണ്ടൽ കാടുകളിലേക്കുള്ള സഞ്ചാരികളുടെ ഒഴുക്ക് വർദ്ധിപ്പിക്കുകയും ടൂറിസ്റ്റുകൾക്കായി എല്ലാ സൌകര്യങ്ങളും ഏർപ്പെടുത്തുകയും ടൂറിസ്റ്റുകളെ ഗ്രാമപഞ്ചായത്തിയൽ നില നിർത്തുന്നതിനായി നെടുങ്ങോലം മേഖലയിലെ അഞ്ചു വാർഡുകളിലെ മൂവായിരം വീടുകളിൽ ഹോംസ്റ്റേ സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അതുവഴി സാധാരണക്കാർക്കും പഞ്ചായത്തിനും വരുമാനം ലഭ്യമാക്കുന്നതിനും സഞ്ചാരികളെ കൊല്ലം ജില്ലയുടെ കുട്ടനാട് എന്നറിയപ്പെടുന്ന പോളച്ചിറ ഏലായിലെത്തിക്കുന്നതിനും പോളച്ചിറയിലെത്തുന്ന ദേശാടന പക്ഷികളെ പക്ഷി നിരീക്ഷകർക്ക് നിരീക്ഷിക്കുന്നതിനായി ടവറുകൾ സ്ഥാപിക്കുന്നതിനും പോളച്ചിറയ്ക്ക് ചുറ്റുമുള്ള ഏഴര കിലോമീറ്റർ നീളമുള്ള വൃത്താകൃതിയിലുള്ള ബണ്ട് നവീകരിച്ച് കാൽനടയ്ക്കും സൈക്ലിംങ്ങും നടപ്പിലാക്കുന്നതിനും പോളച്ചിറയിലെ വണ്ണാത്തിപാറയി. വനവാസ കാലത്തെ പഞ്ചപാണ്ഡവരുടെ ഐതീഹ്യം വരച്ചു കാട്ടുന്ന പ്രതിമകളും പാർക്കുകളും നിർമ്മിക്കുന്നതിനും പ്രശസ്ത ഗുസ്തി – സിനിമതാരം കേരള ഗാമ പോളച്ചിറ രാമചന്ദ്രന്റെ പേരിൽ ഗുസ്തി പരിശീലന കേന്ദ്രവും, സാസംസ്കാരിക കേന്ദ്രവും പാർക്കും നിർമ്മിക്കുന്നതിനും പോളച്ചിറയിൽ കയാക്കിംഗും കുട്ട വഞ്ചി സവാരിയും ആരംഭിക്കുന്നതിനും കുടുംബശ്രീയെ ഉപയോഗിച്ച് മാലാക്കായലിലും പോളച്ചിറയിലും നാടൻമത്സ്യങ്ങളും നാടൻ ഉൽപ്പന്നങ്ങളും ഉപയോഗിച്ച് ഫുഡ് കോർട്ടുകൾ സ്ഥാപിക്കുന്നതിനും പോളച്ചിറയിൽ ഒരുമീനും ഒരു നെല്ലും കൃഷിയെ സംബന്ധിച്ച് വിനോദ സഞ്ചാരികൾക്ക് അവബോധം ഉണ്ടാക്കുന്നതിനും, ചിറക്കരയിൽ സാമൂഹിക പരിഷ്കരണത്തിനായി ശ്രീനാരായണ ഗുരു വന്ന കാലഘട്ടത്തിൽ സ്നാനം ചെയ്യുകയും ധ്യാനത്തിലിരിക്കുകയും ചെയ്ത ചിറക്കരത്താഴം പൊയ്കയിൽ തീർത്ഥകുളം നവീകരിക്കുകയും ധ്യാനമണ്ഡപവും പ്രതിമയും സ്ഥാപിക്കുകയും ചിറക്കര രാവണം പൊയ്കയിൽ കുന്നിൻചരുവുകളും ഗുമ്പുകളും പ്രയോജനപ്പെടുത്തി രാവണന്റെ ഐതീഹ്യം പറയുന്നത് പോലെ രാവണന്റെ പ്രതിമയും അഡ്വഞ്ചർ നാചറൽ പാർക്കും നിർമ്മിക്കുകയും ബി.സി മൂന്നാം നൂറ്റാണ്ടിൽ നിർമ്മിച്ച പാണ്ഡ്യ ചോള ചേര ദേശിംഗ രാജാക്കാൻമാരുമായി ബന്ധമുള്ളതും എ.ഡി പതിമൂന്നാം നൂറ്റാണ്ടിലെ ഉണ്ണിനീലി സന്ദേശത്തിൽ പ്രതിപാദിച്ചിട്ടുള്ള ചിറക്കരക്ഷേത്രം ആത്മീയ ടൂറിസത്തിന്റെ ഭാഗമാക്കാനും ചിറക്കരക്ഷേത്രത്തോട് ചേർന്ന് ചിറക്കരയുടെ ആയോധന രൂപമായ കളരി പഠന കേന്ദ്രം സ്ഥാപിക്കുന്നതിനും ഇന്ത്യയുടെ പ്രഥമ പ്രധാന മന്ത്രി ജവഹർലാൽ നെഹ്റുവിനെ വിസ്മയിപ്പിച്ച കഥകളി നടൻ ചിറക്കര മാധവൻകുട്ടിയുടെ പേരിൽ സാംസ്കാരിക കേന്ദ്രവും കഥകളി പഠന കേന്ദ്രവും ആരംഭിക്കാനും പ്രശസ്ത കവി ചാത്തന്നൂർ മോഹന്റെ പേരിൽ സാംസ്കാരിക കേന്ദ്രവും ആരംഭിക്കാനും ആയിരവില്ലി വെള്ളച്ചാട്ടത്തിന്

സമീപം പാർക്ക് സ്ഥാപിക്കാനും ഈ ടൂറിസെ സ്പോട്ടുകൾ സംയോജിപ്പിച്ച് ഗ്രാമീണത ഒട്ടും ചോർന്നു പോകാതെ ടൂറിസം വില്ലേജി നടപ്പിലാക്കാനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും ധനകാര്യ വ്യവസായ സ്ഥാപനങ്ങളുടേയും സി.എസ്.ആർ ഫണ്ടുകളും ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുകയും വിനോദ നികുതിയും അനുബന്ധ നികുതിയും ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കാനും ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് ജനങ്ങളുടെ ക്ഷേമത്തിനും ടൂറിസം വില്ലേജ് പദ്ധതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിഭാവനം ചെയ്ത നിലയിൽ ഗ്രാമസഭകളുടേയും വർക്കിംഗ് ഗ്രൂപ്പ് ,ആസൂത്രണ സമിതികളുടേയും, വൈസ് പ്രസിഡന്റിന്റേയും സ്റ്റാന്റിംഗ് കമ്മിറ്റികൾ ,ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരുടെ ചർച്ചയ്ക്കും വിശകലത്തിനും ശേഷമുള്ള പദ്ധതിയാണ് ടൂറിസം വില്ലേജായി നടപ്പിലാക്കുന്നത്.

## അടിസ്ഥാന സൌകര്യ വികസനം

പഞ്ചായത്ത് അതിർത്തിയിലെ റോഡുകൾ മുൻഗണനയും പ്രാധാന്യവുമനുസരിച്ച് നവീകരിക്കും. ഗ്രാമപഞ്ചായത്തിലേക്ക് വിട്ടുകിട്ടിയ നിർമ്മിതികളും സ്ഥാപനങ്ങളും വികസിപ്പിക്കാനും പരിപാലിക്കാനുമുള്ള പദ്ധതികൾ നടപ്പിലാക്കും.

ആവശ്യമായ സ്ഥലങ്ങളിലെല്ലാം തെരുവുവിളക്കുകൾ സ്ഥാപിക്കാനും പരിപാലിക്കാനുമുള്ള പദ്ധതികൾ തയ്യാറാക്കുകയും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ സമ്പൂർണ്ണമാക്കുകയും ചെയ്യുന്നതാണ്, ആവശ്യമായ ഇടങ്ങളിലെല്ലാം സി.സി.റ്റി.വി ക്യാമറകൾ വിശ്രമ കേന്ദ്രങ്ങൾ ടേക്ക് എ ബ്രേക്ക് സംവിധാനങ്ങൾ പൊതു ഇടങ്ങളിൽ വൈഫൈ സംവിധാനങ്ങൾ എന്നിവ നടപ്പിലാക്കും.കെ.എസ്.ആർ.ടി.സി യുമായി ചേർന്ന് ഗ്രാമപഞ്ചായത്തിലെ യാത്ര ദുരിതം പരിഹരിക്കുന്നതിനായി ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കും.

**ബഹുമാന്യരെ,**

കഴിഞ്ഞകാലങ്ങളിലെ അനുഭവങ്ങൾ ഉൾക്കൊണ്ട്കൊണ്ട് സമസ്തമേഖലകളിലും മുന്നേറ്റത്തിന്റെ പുതിയഗാഥകൾ രചിക്കാൻ നമുക്ക് കഴിയണം. പ്രതിസന്ധികൾ മറികടക്കുന്നതിന് പരിമിതമായ സമ്പത്തിന്റെ സമതുലിതമായ വിതരണമാണ് ആധാരമാക്കേണ്ടത്. ലഭ്യമായ വിഭവങ്ങൾ യുക്തിസഹമായി വകയിരുത്തി പഞ്ചായത്തിൻറെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. തനത് ഫണ്ട് സമാഹരണത്തിന് കാര്യക്ഷമമായ മാർഗ്ഗങ്ങൾ ഈ ബഡ്ജറ്റിൻറെ ഭാഗമാക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. നമ്മുടെ കൂട്ടായ പ്രവർത്തനം വഴി ഈ ബഡ്ജറ്റ്

വിഭാവനം ചെയ്യുന്ന വികസന കാഴ്ചപ്പാട് പ്രാവർത്തികമാക്കാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചു കൊണ്ടും, ചിറക്കര ഗ്രാമപഞ്ചായത്തിനെ **“ഹരിത നിർമ്മല ഗ്രാമപഞ്ചായത്ത്”** ആക്കി മാറ്റാനുള്ള ശ്രമത്തിന് എല്ലാവരുടെയും പൂർണ്ണമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് 2026-27 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബഡ്ജറ്റ് വിശദമായ ചർച്ചകൾക്കായി സമർപ്പിച്ചുക്കൊള്ളുന്നു.

(ഒപ്പ്)
രമ്യ എം
വൈസ് പ്രസിഡൻറ് & ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
ചിറക്കര ഗ്രാമപഞ്ചായത്ത്